## കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
### കെ.എസ്.ടി.എ
### സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം

# ഡയറ്റ് മേഖലയിലെ പ്രശ്നങ്ങൾ

കേരളത്തിലെ എല്ലാ ജില്ലകളിലും 1991 ഓടെ ഡയറ്റുകൾ നിലവിൽവന്നു. വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉറപ്പാക്കാൻ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമായിരുന്ന ഡയറ്റുകളെ വേവിധത്തിൽ പരിഗണിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകളുടെ കാലത്താണ് ഡയറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.ഐ.ഇ.ടി തുടങ്ങിയ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായുള്ള ശ്രമങ്ങൾ നടന്നത്. എന്നാൽ ഇന്നത്തെ ഗവൺമെന്റ് എല്ലാ പഠനഗവേഷണ സ്ഥാപനങ്ങളെയുംപോലെ ഡയറ്റുകളെയും മുഖ്യധാരയിൽ നിന്നകറ്റുകയാണ്. പുതിയ പാഠ്യപദ്ധതി രൂപീകരണത്തിലും പാഠപുസ്തകനിർമ്മാണത്തിലുമെല്ലാം ശ്രദ്ധേയമായ പങ്കുവഹിച്ച ഡയറ്റുകളും ഡയറ്റിലെ അധ്യാപകരും പാർശ്വവൽക്കരിക്കപ്പെടുകയാണ്.

ഡയറ്റ് അധ്യാപകർ നേരിടുന്ന സർവ്വീസ് പ്രശ്നങ്ങൾ നിരവധിയാണ്. ഡയറ്റ് ശാക്തീകരണത്തിനായി കൊുവന്ന സ്പെഷ്യൽ റൂളിൽ നിരവധി അപാകതകൾ കടന്നുകൂടിയിട്ട്. പുതിയതായി നിർദ്ദേശിക്കപ്പെട്ട ചില യോഗ്യതകൾക്കാവശ്യമായ കോഴ്സുകൾ ഇന്നു ലഭ്യമല്ല. ഉദാ:- വർക്ക് എക്സ്പീരിയൻസ്, സ്പെഷ്യൽ എഡ്യുക്കേഷൻ . നിലവിൽ ജോലിചെയ്യുന്ന ഫാക്കൽറ്റി അംഗങ്ങളെ അധികയോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കേതാണ്. സ്പെഷ്യൽ റൂളുകളിൽ വന്ന അപാകതകൾ പരിഹരിച്ച് മുഴുവൻ ഡയറ്റ് ലക്ചിർമാരെയും റഗുലറൈസ് ചെയ്യാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കണം. സ്പെഷ്യൽറൂൾസ് നിലവിൽ വന്നതോടെ ഫാക്കൽറ്റി മാറ്റം അസാധ്യമായി. നിശ്ചിതയോഗ്യതയുള്ളവർക്കും പുതുതായി യോഗ്യത നേടുന്നവർക്കും ഫാക്കൽറ്റിമാറ്റത്തിനുള്ള സൗകര്യം ലഭ്യമാക്കുകയാണെങ്കിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിക്കും.

എല്ലാ മേഖലയിലും സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതുപോലെ ഡയറ്റ് അധ്യാപകരുടെ സ്ഥലംമാറ്റത്തിനും മാനദണ്ഡങ്ങൾ ഏർപ്പെടുത്തണം. റിമോട്ട് ഏരിയയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് മുൻഗണന ഏർപ്പെടുത്തുകയും വേണം.

ഇന്ന് ഒരുജില്ലയിൽ ഒരു ഡയറ്റ് എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഡയറ്റുകളിൽതന്നെ നിരവധി ഫാക്കൽറ്റികളുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അക്കാദമികരംഗത്ത് കൂടുതൽ കാര്യക്ഷമമായി ഇടപെടുന്നതിനുവേി ജനസംഖ്യയുടെയും അധ്യപകരുടെയും എണ്ണത്തിനനുസരിച്ച് കൂടുതൽ ഡയറ്റുകൾ സ്ഥാപിക്കേതാണ്. ലക്ചർമാരുടെ അഭാവം ഡയറ്റുകളുടെ പ്രവർത്തനം അവതാളത്തിലാക്കുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തേതാണ്.

സേവന-വേതന വ്യവസ്ഥകൾ അടിയന്തിരമായി പരിഹാരം കാണേ നിരവധി പ്രശ്നങ്ങളു് . 12-ാം ശമ്പളപരിഷ്കരണത്തിൽ ഡയറ്റ് അധ്യാപകരുടെ ശമ്പളത്തിന് മറ്റു ചില തസ്തികകളുമായുായിരുന്ന തുല്യത നഷ്ടപ്പെട്ടു. നേരത്തെ ഡയറ്റിലെ സീനിയർ ലക്ചർ തസ്തികയ്ക്ക് ഡി.ഇ.ഒ സ്കെയിലുമായും ലക്ചർ തസ്തികയ്ക്ക് എ.ഇ.ഒ സ്കെയിലുമായും തുല്യതയുായിരുന്നു. ഹയർസെക്കന്ററി അധ്യാപകരുടെ തുടക്കസ്കെയിൽ ഉയർത്തിയെങ്കിലും ഡയറ്റ് അധ്യാപകരുടെ ശമ്പളസ്കെയിലിൽ മാറ്റം വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി മാറ്റംവരുത്തിയേ പറ്റൂ. എല്ലാ വിഭാഗം അധ്യാപകരുടെയും ശമ്പള സ്കെയിലുകൾ ഉയർത്തുക എന്നതായിരുന്നു കെ.എസ്.ടി.എ യുടെ മുദ്രാവാക്യം. ഡയറ്റ് അധ്യാപകരുടെ ഗ്രേഡ്, പ്രമോഷൻ എന്നിവയിലുള്ള പ്രശ്നങ്ങളിലും അടിയന്തിരമായ പരിഹാരം കാണേതു്. എസ്.സി.ഇ.ആർ.ടി, സീമാറ്റ്, ക്യു.ഐ.പി തുടങ്ങിയ സംവിധാനങ്ങളി

ലേക്ക് ഉയർന്ന തസ്തികകളിലേക്ക് ഡയറ്റ് അധ്യാപകർക്ക് പ്രമോഷൻ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കണം. ആർട്ട് എഡ്യുക്കേഷൻ, ഫിസിക്കൽ എഡ്യുക്കേഷൻ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഇംഗ്ലീഷ്, മലയാളം തുടങ്ങിയ വിഷയങ്ങളിലെ അധ്യാപകരുടെ പ്രമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ സീനിയർ ലക്ചർമാരുടെ തസ്തികകൾ സൃഷ്ടിക്കണം.

അക്കാദമികരംഗത്ത് ഫലപ്രമായി ഇടപെടുന്നതിന് ഡയറ്റുകളെ പ്രാപ്തമാക്കണം. ജില്ലകളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഡയറ്റുകളുടെ നേതൃത്വത്തിലാവണം നടക്കേേത്. അതിന് സഹായകരമായ വിധത്തിൽ ഡയറ്റുകളെ ശക്തിപ്പെടുത്തണം. കൂടുതൽ ഫ് അനുവദിക്കണം. ഡയറ്റ് അധ്യാപകർക്ക് പ്രൊഫഷണൽ മികവ് യൂണിവേഴ്സിറ്റി തലത്തിലുമുള്ള പഠനഗവേഷണ സ്ഥാപനങ്ങളുമായി ഡയറ്റുകളെ ബന്ധപ്പെടുത്തണം. ഫാക്കൽറ്റികളുടെ പരിശീലനത്തിനായി എസ്.സി.ഇ.ആർ.ടി, സീമാറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ സംവിധാനമേർപ്പെടുത്തണം. എസ്.എസ്.എ, ആർ.എം.എസ്.എ തുടങ്ങിയ പ്രോജക്ടുകളുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പിലും മോണിറ്ററിംഗിലും ഡയറ്റുകളുടെ പങ്കാളിത്തം ഇന്നുള്ളതിനേക്കാൾ ശക്തിപ്പെടുത്തേേതു്.

## ഡിമാന്റുകൾ

1. ഡയറ്റ് അധ്യാപകരുടെശമ്പള പരിഷ്ക്കരണത്തിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുക
2. ഡയറ്റ് സ്പെഷ്യൽ റൂളിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുക. സ്പെഷ്യൽ റൂൾസിലെ അപാകതകൾമൂലം നടക്കാതെ പോകുന്ന റഗുലറൈസേഷൻ, പ്രമോഷൻ എന്നിവ നടപ്പാക്കുക.
3. ഡയറ്റ് അധ്യാപകർക്ക് ലഭിക്കേ ഗ്രേഡുകൾ, പരിഷ്ക്കരിച്ച ശമ്പളസ്കെയിൽ പ്രകാരം അടിയന്തിരമായി അനുവദിക്കുക
4. ഡയറ്റ് അധ്യാപകരുടെ സ്ഥലംമാറ്റം മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം നടത്തുക
5. സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് പുറത്തിറക്കുക.
6. ഡയറ്റിലെ സ്റ്റാഫ്പാറ്റേൺ എം.എച്ച്.ആർ.ഡി മാനദണ്ഡങ്ങൾ അനുസരിച്ച് പുതുക്കി നിശ്ചയിക്കുക. ആവശ്യമായ നിയമനങ്ങൾ നടത്തുക
7. ഡയറ്റിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുക
8. ഡയറ്റ് അധ്യാപകർക്ക് സീനിയോറിറ്റി പരിഗണിച്ച് സീമാറ്റ്, എസ്.ഐ.ഇ.ടി, എസ്.സി.ഇ.ആർ.ടി, ഐ.ടി@സ്കൂൾ, എസ്.ആർ.സി എന്നിവിടങ്ങളിലേക്ക് പ്രമോഷൻ നൽകുക
9. ഡി.പി.ഐ യുടെ കീഴിലുള്ള എൻ.ഇ.പി, ക്യു.ഐ,പി എന്നീ വിഭാഗങ്ങളിലെ ഡി.ഡി.ഇ തസ്തികകളിലേക്ക് സീനിയോറിറ്റി പരിഗണിച്ച് ഡയറ്റ് പ്രിൻസിപ്പാൾമാരെ നിയമിക്കുക
10. എല്ലാ ഡയറ്റിലും വൈസ്പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിക്കുക
11. എം.എച്ച്.ആർ.ഡി മാർഗ്ഗരേഖപ്രകാരം ഡയറ്റിൽ കംമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ്, സ്റ്റാറ്റിസ്റ്റിഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്യുക
12. കുട്ടികളുടെയും അധ്യാപകരുടെയും എണ്ണം പരിഗണിച്ച് ആവശ്യമായി വരുന്ന ജില്ലകളിലെല്ലാം എം.എച്ച്.ആർ.ടി മാർഗ്ഗരേഖയനുസരിച്ച് കൂടുതൽ ഡയറ്റുകൾ സ്ഥാപിക്കുക
13. തസ്തികകൾ അനുവദിച്ചതിൽ കുറവ് വന്നിട്ടുള്ള ഡയറ്റുകളിൽ തസ്തികകൾ അനുവദിക്കുക
14. ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് ദേശീയതലത്തിലുള്ള പ്രമുഖ പരിശീലന സ്ഥാപനങ്ങളിൽ (എൻ.യു.ഇ.പി.എ, എൻ.സി.ഇ.ആർ.ടി, സി.സി.ഇ.ആർ.ടി, ഐ.ഐ.എം, ഐ.എ.എസ് ഇൻസ്റ്റിറ്റ്യൂട്ട് തുട

ങ്ങിയ) ഹ്രസ്വകാലാടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുക

15. ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് എഫ്.ഐ.പി പ്രകാരം അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പഠിക്കാനായി പ്രധാന സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം നൽകുക.

16. ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് യു.ജി.എസ് നിരക്കിലുള്ള ശമ്പളം നടപ്പിലാക്കുക

17. ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് അധിക യോഗ്യതകൾക്ക് (എം.ഫിൽ, പി.എച്ച്.ഡി, ഡി.ലിറ്റ് തുടങ്ങിയ)

18. അധികയോഗ്യതയുള്ള ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് കുട്ടികളുമായും അധ്യാപകരുടെയും എണ്ണവും ഉപജില്ലകളുടെയും എണ്ണം പരിഗണിച്ച് ഡയറ്റുകൾക്ക് ആനുപാതികമായി ഫ് അനുവദിക്കുക

19. എസ്.എസ്.എ, ആർ.എം.എസ്.എ പ്രവർത്തനങ്ങൾ ഡയറ്റുമായി സംയോജിപ്പിക്കു, ബി.ആർ.സികളിൽ ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളെ അക്കാദമിക് കോ-ഓർഡിനേറ്റർമാരായി നിയമിക്കുക

20. ഡയറ്റ് അധ്യാപകർക്ക് എഫ്.ഐ.പി പ്രകാരം ഗവേഷണം നടത്താനുള്ള സൗകര്യം അനുവദിക്കുക

21. പ്രീ-പ്രൈമറി, പ്രൈമറി, എച്ച്.എസ്, എച്ച്.എസ്.എസ്, ഐ.എം.ജി തുടങ്ങിയ ജില്ലാതലത്തിലുള്ള എല്ലാ അധ്യാപക പരിശീലനങ്ങളും ഡയറ്റിന്റെ നേതൃത്വത്തിൽതന്നെ നടപ്പിലാക്കുക

22. ഡയറ്റിനെ ജില്ലയിലെ അക്കാദമിക മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് അക്കാദമിക് എക്സലൻസ്) ആക്കിമാറ്റാനാവശ്യമായ പരിപാടികൾ നടപ്പിലാക്കുക. ഫ് അനുവദിക്കുക

23. ഡയറ്റിലെ കീഴിലുള്ള ലാബ്സ്കൂൾ മികച്ച വിദ്യാലയമാക്കി (പാഠ്യപദ്ധതി നിർവഹണം ഫലപ്രദമായി നടക്കുന്ന മാതൃകാവിദ്യാലയം) മാറ്റാനാവശ്യമായ പരിപാടികൾ നടപ്പിലാക്കുക. ഫും അനുവദിക്കുക

24. പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവയുടെ വിലയിരുത്തൽ നടത്തി പരിമിതികൾ മറികടക്കാനുള്ള നിർദ്ദേശങ്ങളും പരിപാടികളും രൂപീകരിക്കാനുള്ള ഒരു വിദഗ്ദ്ധസമിതി സംസ്ഥാനതലത്തിൽ രൂപീകരിക്കണം. ഇതിന്റെ ജില്ലാ ഘടകം ഡയറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക

25. ജില്ലയുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പാക്കാൻ കഴിയുന്നവിധത്തിൽ ഗവേഷണം, സാമഗ്രികകളുടെ നിർമ്മാണം, ട്രൈഔട്ടുകൾ, പരിശീലനങ്ങൾ എന്നിവ ജില്ലാ സംവിദാനമായി നടപ്പിലാക്കാനുള്ള സ്വയംഭരണസ്ഥാപനമായി ഡയറ്റിനെ വികസിപ്പിക്കുക

26. ഡയറ്റിലെ ലബോറട്ടറി, ലൈബ്രറി, ഐ.ടി ലബോറട്ടറി എന്നിവ  ജില്ലാ നിലവാരത്തിലേക്ക് ഉയർത്താനുള്ള പരിപാടികൾ നടപ്പിലാക്കുക. ഫും അനുവദിക്കുക

27. എല്ലാ ഡയറ്റുകളെയും ജില്ലാതലത്തിലെ മികച്ച പരിശീലനകേന്ദ്രമാക്കി മാറ്റുംവിധമുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുക

28. ടി.ടി.സി യ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് കർശമായ ഗുണനിലവാര പരിശോധന ഉറപ്പാക്കുക.

തിരുവനന്തപുരം
18.08.2013

**എം.ഷാജഹാൻ**
ജനറൽസെക്രട്ടറി